## പതിമൂന്നാം കേരള നിയമസഭ
### എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 104** **21.03.2013- ൽ മറുപടിക്ക്**

### വരൾച്ചാ കെടുതിയിൽ നിന്നും സംരക്ഷണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി.എം ഉമ്മർ മാസ്റ്റർ<br>ശ്രീ. റ്റി.എ അഹമ്മദ് കബീർ<br>ശ്രീ. സി. മമ്മൂട്ടി | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | വരൾച്ചാ കെടുതിയിൽ നിന്നും സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | വരൾച്ച നേരിടുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ജില്ലാ കളക്ടർമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ജില്ലകളിലെ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിന് വിവിധ മന്ത്രിമാരെ ചുമതലപ്പെടുത്തുകയും ചെയ്തു. ജില്ലാതല അവലോകനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലയുടെയും പ്രാധാന്യമനുസരിച്ചുള്ള കുടിവെള്ള വിതരണ/ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ജില്ലാ കളക്ടർ അനുമതി നൽകി വരുന്നു. അതോടൊപ്പം വാട്ടർ അതോറിറ്റി, ഭൂജല വകുപ്പുകളുടെ പദ്ധതികൾ അതാത് വകുപ്പു മുഖേന നടപ്പിലാക്കാൻ വേണ്ട നിർദ്ദേശങ്ങളും കളക്ടർമാർ നൽകി വരുന്നു. സംസ്ഥാനത്തെ ഭൂജല വിതാനവും ഡാമുകളിലെ ജലനിരപ്പും നിരീക്ഷണത്തിന് വിധേയമാക്കാൻ വേണ്ട നിർദ്ദേശങ്ങൾ ഭൂജല വകുപ്പിനും വൈദ്യുതി ബോർഡിനും നൽകിയിട്ടുണ്ട്. തുടർന്ന് ജനുവരി 4, 18 തീയതികളിൽ വീഡിയോ കോൺഫറൻസിലൂടെ സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിലെ പ്രവർത്തനങ്ങൾ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. കൃഷി നാശത്തെക്കുറിച്ചുള്ള കണക്കുകൾ കൃഷി വകുപ്പും ശേഖരിക്കുകയുണ്ടായി.<br><br>സംസ്ഥാനത്തെ വരൾച്ചാ സാഹചര്യം മുൻ നിർത്തി അടിയന്തിരമായി കൈക്കൊള്ളേണ്ട നടപടികൾ ചർച്ച ചെയ്യാൻ ജനുവരി 23 ന് ഒരു പ്രത്യേക ക്യാബിനറ്റ് കൂടുകയുണ്ടായി. എല്ലാ കാർഷിക വായ്പകൾക്കും ഒരു വർഷത്തെ മോറട്ടോറിയം പ്രഖ്യാപിക്കുവാനും ജപ്തി നടപടികൾ ഒഴിവാക്കാനും വായ്പകൾ പുന:ക്രമീകരിക്കാനും ടി ക്യാബിനറ്റിൽ തീരുമാനിച്ചു. കുടിവെള്ള/വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് എസ്.ഡി. ആർ.എഫ്-ൽ നിന്നും 85 കോടി രൂപ അനുവദിച്ചു. തദ്ദേശ സ്വയം ഭരണ വകുപ്പ്, വാട്ടർ അതോറിറ്റി, ജലസേചന വകുപ്പ്, ഭൂഗർഭ വകുപ്പ് എന്നീ വകുപ്പുകളിലൂടെ നടപ്പിലാക്കേണ്ട കുടിവെള്ള വിതരണം, താത്കാലിക തടയണ നിർമ്മാണം, കുഴൽ കിണറുകളുടെ നിർമ്മാണം എന്നീ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾക്കും അതാത് വകുപ്പുകളിൽ നിന്നും അനുമതി നൽകാൻ തീരുമാനിക്കുകയും ഫണ്ട് അനുവദിക്കുകയും ചെയ്തു. അതോടൊപ്പം കുളം, കിണർ, തടയണ എന്നിവയുടെ നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാൻ തദ്ദേശ സ്വയം ഭരണ വകുപ്പിന് നിർദ്ദേശം നൽകാനും തീരുമാനിച്ചു. |
| (ബി) | ഇതിനായി കേന്ദ്ര ഗവൺമെന്റിനെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ സഹായങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളത്; | (ബി) | 31.10.2012- ൽ 4 ജില്ലകൾക്കായി 1995 കോടി രൂപയുടെ കേന്ദ്ര സഹായത്തിന് മെമ്മോറാണ്ടം സമർപ്പിച്ചിരുന്നു. സംസ്ഥാനമാകെ വരൾച്ച ബാധിച്ചതിനെ തുടർന്ന് നാശനഷ്ടങ്ങൾ വിലയിരുത്തി നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും 7888.0965 കോടി രൂപയുടെ അധിക സഹായത്തിനായി ഫെബ്രുവരിയിൽ വീണ്ടും മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. ഇതു കൂടാതെ പ്രത്യേക പാക്കേജായി സംസ്ഥാനത്തിന് 3936.81 കോടി രൂപ അനുവദിക്കണമെന്ന് പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനം സമർപ്പിച്ച മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സംഘം 17.03.2013 മുതൽ 21.03.2013 വരെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങൾ സന്ദർശിച്ചു വരുന്നു. |
| (സി) | വരൾച്ചാക്കാലത്ത് കുടിവെള്ള ലഭ്യത ഉറപ്പു വരുത്താൻ എന്തൊക്കെ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാന ദുരന്ത നിവാരണ നിധിയിൽ നിന്നും അനുവദനീയമായ അടിയന്തിര കുടിവെള്ള വിതരണ പ്രവർത്തനങ്ങളും, പൈപ്പ് ലൈനുകളുടെ അറ്റകുറ്റപണികൾ, പൊതുകുളം, കിണർ മുതലായ കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾക്കുമാണ് ജില്ലാ കളക്ടർമാർ മുഖേന റവന്യൂ വകുപ്പ് അനുമതി നൽകി വരുന്നത്. കുടിവെള്ള വിതരണം കാര്യക്ഷമമാക്കാനും താത്കാലിക തടയണകൾ നിർമ്മിക്കുന്നതിനും, കുഴൽ കിണർ കുഴിക്കുന്നതിനും വാട്ടർ അതോറിറ്റി, ജലസേചന, ഭൂജലവകുപ്പുകൾക്ക് യഥാക്രമം 57 കോടി, 22 കോടി, 13 കോടി രൂപ വീതം സംസ്ഥാന ഖജനാവിൽ നിന്നും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ